**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *2** **27.02.2017-ൽ മറുപടിക്ക്**

## ആയുധ പരിശീലനം അവസാനിപ്പിക്കാനും ഗൂഢപ്രവർത്തനങ്ങൾ നിരീക്ഷിക്കാനും നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ. ഹരീന്ദ്രൻ<br>ശ്രീ. എ.എൻ. ഷംസീർ<br>ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. വി. അബ്ദുറഹിമാൻ | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) രഹസ്യം ചോർത്തിയെന്നാരോപിച്ച് അതിക്രൂരമായ മർദ്ദനത്തിനിരയാക്കി യെന്നും അപായപ്പെടുത്താൻ ശ്രമിച്ചുവെന്നും കാണിച്ച് ആർ.എസ്.എസ്. നേതാവ് നൽകിയ പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻ ആർ.എസ്.എസ്. പ്രവർത്തകനായ തിരുവനന്തപുരം കരകുളം സ്വദേശി വിഷ്ണു എന്ന യുവാവ് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ചികിത്സ യിൽ ഇരിക്കവെ ഫോർട്ട് പോലീസിൽ നൽകിയ മൊഴി പ്രകാരം ടിയാനെ ആറ്റിങ്ങലിനു സമീപത്തു നിന്ന് തട്ടിക്കൊണ്ടുവന്ന് കോട്ടയ്ക്കകത്തും കൊട്ടാരക്കരയിലും ആർ.എസ്.എസ്. കാര്യാലയങ്ങളിൽ 15.12.2016 മുതൽ 22.01.2017 വരെ തീയതികൾക്കിട യിൽ അന്യായമായി തടങ്കലിൽ പാർപ്പിച്ച് ദേഹോപദ്രവം ഏൽപ്പിക്കുകയും കൊന്നുകളയുമെന്ന് ഭീഷണിപ്പെടുത്തുകയും "സി.പി.ഐ (എം) കണ്ണൂർ ജില്ലാ സെക്രട്ടറി പി.ജയരാജന്റെ പീഡനം മൂലം ആത്മഹത്യ ചെയ്യുന്നു" എന്ന് നിർബന്ധിച്ച് എഴുതി വാങ്ങുകയും ചെയ്തു എന്ന മൊഴിയുടെ വെളിച്ചത്തിൽ 40-ഓളം ആർ.എസ്എസ്. പ്രവർത്തകരെ പ്രതിയാക്കി ഫോർട്ട് സ്റ്റേഷനിൽ Cr.No.227/17-ാം നമ്പരായി കേസ്സെടുത്ത് അന്വേഷണം നടത്തിവരുന്നു. |

| | |
|---|---|
| (ബി) ഈ പരാതിയിൽ കൈക്കൊണ്ട നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രത്യേക വിഭാഗത്തെ നിയോഗിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ; | (ബി) ഈ കേസ് രജിസ്റ്റർ ചെയ്ത അന്നേ ദിവസം തന്നെ ഐ.ജി.പി തിരുവനന്തപുരം റേഞ്ചിന്റെ ഉത്തരവ് പ്രകാരം തുടരന്വേഷണം കൺട്രോൾ റൂം എ.സി.പി. നടത്തിവരികയുമാണ്. |
| (സി) ക്രമസമാധാനം പുലർത്താനായി, അധോലോക ഗുണ്ടാസംഘമായി പ്രവർത്തിക്കുന്ന ഈ സംഘത്തിന്റെ ആയുധ പരിശീലനം അവസാനിപ്പിക്കാനും ഗൂഢപ്രവർത്തനങ്ങൾ നിരീക്ഷിക്കാനും നിയമനടപടികൾ സ്വീകരിക്കുമോ; | (സി) ആയുധ പരിശീലനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. അതോടൊപ്പം ആരാധനാലയങ്ങളിൽ ആയുധ പരിശീലനം നിയന്ത്രിക്കുന്നതിന് പ്രത്യേക നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നു. |
| (ഡി) കേന്ദ്ര മന്ത്രിമാർ ഉൾപ്പെടെയുള്ള നേതാക്കൾ സംസ്ഥാനത്ത് വന്ന് ഭീഷണി ഉയർത്തുന്നതിനെതിരെ നിയമനടപടി സ്വീകരിക്കാൻ എന്തെങ്കിലും തടസ്സമുണ്ടോയെന്നു വ്യക്തമാക്കുമോ? | (ഡി) ഭീഷണി ഉയർത്താൻ ആർക്കും അവകാശമില്ല. |

**സെക്ഷൻ ഓഫീസർ**